മിസ്റ്റർ പി. ടി. ജേക്കബ്: ആക്ഷേപമുണ്ടെന്നു ബോദ്ധ്യപ്പെട്ടത്തിനാലോ?

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: ഈ നവ വേക്കൻസി ഉടനെ ഫില്ലപ്പ് ചെയ്യാമോ?

രാമവർമ്മ തമ്പുരാൻ: അതു ഉടനെ ഫില്ലപ്പ് ചെയ്യും.

MULAVUKAD FERRY

165. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു മറുപടി പറയുമോ.—

(എ) മുളവുകാട് വടക്കുഭാഗത്തു നിന്നു് എളങ്കുന്നപ്പുഴയിലേക്കുള്ള കടത്തുവഞ്ചി നടത്തുന്ന കൺട്രാക്ടരുടെ നടപടികളെക്കുറിച്ചു് വല്ല ആക്ഷേപവും ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണു്;

(സി) ഗവർമ്മെണ്ടു പ്രസ്തുത കാര്യത്തിൽ വല്ല അന്വേഷണവും നടത്തിയോ;

(ഡി) നടത്തിയെങ്കിൽ അതിന്റെ ഫലം എന്തു?

റാവുസാഹിബ് എ. മാധവപ്രഭു:

(എ) ഉവ്വു്.

(ബി) കടത്തുകാരൻ കൂടുതൽ ചാർജ്ജു് വാങ്ങുന്നുവെന്നും ജനങ്ങളോടു മര്യാദയായി പെരുമാറുന്നില്ലെന്നും കടത്തുകടവിൽ ബോർഡു വെച്ചിട്ടില്ലെന്നും മറ്റുമുള്ള പരാതികളാണു്.

(സി) ഉവ്വു്.

(ഡി) കടത്തു കൺട്രാക്ടരെ ആദ്യം താക്കീതു ചെയ്യുകയും പിന്നീടും പരാതിയുണ്ടായപ്പോൾ പിഴയിട്ടു ശിക്ഷിക്കുകയും ചെയ്തു. അയാളുടെ കടത്തു നടത്തിപ്പിനെപ്പറ്റി വില്ലേജ് ഉദ്യോഗസ്ഥന്മാർ അന്വേഷിച്ചുകൊണ്ടിരിപ്പാനും ശരിയായ വിധത്തിൽ കടത്തു നടത്തികൊണ്ടുപോകുന്നതിനു വേണ്ട നിഷ്കർഷകൾ ചെയ്യുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ബോർഡു് മിക്ക കടത്തുകടവുകളിലും ഇല്ലാത്തതുകൊണ്ടു് ഈ പരാതികൾ എല്ലാദിക്കിലുമുണ്ടാകുന്നുണ്ടെന്നറിയാമോ?

റാവുസാഹിബ് എ. മാധവപ്രഭു: ചിലദിക്കുകളിൽനിന്നു ആക്ഷേപമുണ്ടായിട്ടുണ്ടു്. ഗവർമ്മെണ്ടിൽനിന്നു ബോർഡുവെയ്ക്കാൻ ഏർപ്പാടുചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനുമുമ്പു ഈ ബോർഡുവെയ്ക്കുന്നതിനുള്ള ചിലവുചെയ്തിരുന്നതു ആരാണു്?

റാവുസാഹിബ് എ. മാധവപ്രഭു: മുമ്പു പലകയ്ക്കു വിലകുറവായിരുന്നു. അന്നു കൺട്രാക്ടർതന്നെ ചിലവുചെയ്തു പലകമേടിച്ചു ബോർഡുവെച്ചിരുന്നു. ഇപ്പോൾ പലകയ്ക്കു വിലവളരെ കൂടുതലായതുകൊണ്ടു് ചില കൺട്രാക്ടർമാർ ബോർഡു വെയ്ക്കാറില്ല. അതുകൊണ്ടു ഗവർമ്മെണ്ടിൽനിന്നുതന്നെ ബോർഡുവെച്ചു അതിന്റെവില കൂറേശ്ശെ കൺട്രാക്ടരുടെ പക്കൽ നിന്നു മേടിക്കാമെന്നാണു വിചാരിക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: അതല്ല, ഗവർമ്മെണ്ടിൽ നിന്നാണോ ഈ ബോർഡ് വെയ്ക്കുന്നതിനുള്ള ചിലവുചെയ്തിരുന്നതു്?

റാവുസാഹിബ് എ. മാധവപ്രഭു: അല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഗവർമ്മെണ്ടിൽനിന്നു സംഖ്യ ചിലവുചെയ്യാത്തതുകൊണ്ടാണു അവർ ബോർഡ് വെയ്ക്കാത്തതെന്നു മനസ്സിലാക്കീട്ടുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു: ഇപ്പോഴാണു് ബോർഡ് വെക്കാത്തതു്. അതാണു ഗവർമ്മെണ്ടിൽനിന്നു മൻകൂട്ടി സംഖ്യ ചിലവാക്കി ബോർഡ് വെച്ചു് പിന്നീടു് അവരുടെ കയ്യിൽനിന്നു കൂറേശ്ശെ കൂറേശ്ശെയായി വസൂലാക്കാൻ തീരുമാനിച്ചിട്ടുള്ളതു്.

CIGARETTES—SCARCITY OF—ERNAKULAM

166. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) എറണാകുളം പട്ടണത്തിൽ സിഗറെറ്റിനു വലുതായ ക്ഷാമം ഏർപ്പെട്ടിരിക്കുന്നതിന്റെ ശരിയായ കാരണം ഗവർമ്മെണ്ടിന്നറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly